ഉത്തരം

(എ) മണ്ണെണ്ണയുടെ നിലവിലുള്ള നികുതി നിരക്ക് 24 ശതമാനം ആണ്. എന്നാൽ മത്സ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ നികുതി നിരക്ക് 12 ശതമാനം ആയി കുറച്ചിട്ടുണ്ട്. മത്സ്യബന്ധന ബോട്ടുകളിലും വള്ളങ്ങളിലും ഉപയോഗിക്കുന്ന ഡീസലിന് നികുതി ഇളവ് അനുവദിച്ചിട്ടില്ല.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

വരാപ്പുഴ-കടമക്കുടി റോഡിൽ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനർനിർമ്മിക്കാൻ നടപടി

28 [1745] ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വരാപ്പുഴ-കടമക്കുടി റോഡിൽ പുതുശ്ശേരി തോട്ടിൽ തകർന്നുപോയ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനർനിർമ്മിക്കാൻ ഇറിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2004-05, 2005-06 വർഷത്തെ ബഡ്ജറ്റുകളിൽ തുക വകയിരുത്തിയിട്ടുണ്ടോ എങ്കിൽ തുക എത്ര എന്ന് വെളിപ്പെടുത്താമോ ;

(ബി) ടെൻഡർ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം ബഡ്ജറ്റിൽ വകയിരുത്തേണ്ടത് നിർബന്ധമാണോ ;

(സി) എങ്കിൽ പുതുക്കിയ എസ്റ്റിമേറ്റ് തുകയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ലൂയിസ്-കം-ബ്രിഡ്ജിന് നടപ്പു സാമ്പത്തിക വർഷം 20 ശതമാനം തുക വകയിരുത്തുകയോ പ്രത്യേകാനുമതി ഉത്തരവ് നൽകുകയോ ചെയ്യുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വരാപ്പുഴ-കടമക്കുടി റോഡിൽ പുതുശ്ശേരി തോട്ടിൽ തകർന്നുപോയ സ്ലൂയിസ്-കം-ബ്രിഡ്ജ് പുനർനിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ പ്രാഥമിക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 60.50 ലക്ഷം രൂപയുടെ ഭരണാനുമതി 16-9-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 1098/2004/ഡബ്ല്യു. ആർ. ഡി. പ്രകാരമാണ് നൽകിയത്. 2004-05 സാമ്പത്തിക വർഷത്തിൽ പ്രസ്തുത മരാമത്തു പണിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. 2005-06 സാമ്പത്തിക വർഷത്തിൽ ടി മരാമത്തു പണിക്കായി 2,40,790 രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 16-12-1996-ലെ സർക്കുലർ നമ്പർ 73/96/ധന. പ്രകാരം പ്രവൃത്തിയുടെ ചെലവുകൾക്കാവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ടെൻഡർ ചെയ്യാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷം അധിക തുക നൽകുവാൻ സാധിക്കുമോ എന്ന് സംശയമാണ്.

സർക്കാർ ജീവനക്കാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ

29 [1746] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന എന്തെല്ലാം ആനുകൂല്യങ്ങളാണ് 2002 ജനുവരി 16-ലെ ഉത്തരവുമൂലം തിരിച്ചുപിടിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ബി) തിരിച്ചുപിടിച്ച എന്തെല്ലാം ആനുകൂല്യങ്ങളാണ് വിവിധ ഉത്തരവുകളിൽ കൂടി തിരികെ നൽകിയിട്ടുള്ളത് ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വെട്ടുക്കുറച്ച എന്തെല്ലാം ആനുകൂല്യങ്ങളാണ് തിരിച്ച് നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവ എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലീവ് സറണ്ടർ ആനുകൂല്യം പുതുതായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള ഡി. എ.-യും മറ്റ് അലവൻസുകൾ എന്നിവ താൽക്കാലികമായി നിർത്തിവച്ചിരുന്നു. കൂടാതെ പെൻഷൻ കമ്മ്യൂട്ടേഷൻ പുനഃസ്ഥാപന കാലപരിധി വർദ്ധിപ്പിക്കുകയും , പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യുവിന്റെ ഡിസ്കൗണ്ട് റേറ്റിൽ വർദ്ധനവ് വരുത്തുകയും ചെയ്തിരുന്നു. ഇതിനുപുറമേ ഭവനവായ്പ, വാഹനവായ്പ, കമ്പ്യൂട്ടർ വായ്പ എന്നിവയും നിർത്തലാക്കിയിരുന്നു.

(ബി) ലീവ് സറണ്ടർ ആനുകൂല്യം പൂർണ്ണമായും പുനഃസ്ഥാപിക്കുകയും പുതുതായി സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് മുഴുവൻ ശമ്പളവും, ഡി. എ., വീട്ടുവാടക അലവൻസ്, മറ്റലവൻസുകൾ എന്നിവ പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ കമ്മ്യൂട്ടേഷന്റെ പുനഃസ്ഥാപന കാലപരിധി 15 വർഷത്തിൽ നിന്നും 12 വർഷമാക്കി കുറയ്ക്കുകയും പെൻഷൻ കമ്മ്യൂട്ടേഷൻ വാല്യുവിന്റെ ഡിസ്ക്കൗണ്ട് റേറ്റിൽ വരുത്തിയ വർദ്ധനവ് പൂർണ്ണമായും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ബാങ്കുകളുമായി സഹകരിച്ച് പുതിയ ഭവനവായ്പാ പദ്ധതിയും, വാഹന വായ്പാ പദ്ധതിയും, കമ്പ്യൂട്ടർ വായ്പാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം വയ്ക്കുന്നു. †

(സി) വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ തിരികെ നൽകിക്കഴിഞ്ഞു.

(ഡി) പ്രസക്തമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly